REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വനിതാ സംവരണവുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ ലോക്സഭ വൈകിട്ട് വോട്ടിനിടും. ബിൽ ചർച്ചകൾക്ക് ആഭ്യന്തരമന്ത്രി അമിത് ഷാ ലോക്സഭയിൽ മറുപടി നൽകും.**
- **പശ്ചിമ ബംഗാളിലും തമിഴ്നാട്ടിലും തെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടന്നു.**
- **ഇസ്രായേലിനും ലെബനനും ഇടയിൽ പത്ത് ദിവസത്തെ വെടി നിർത്തൽ നിലവിൽ വന്നു.**
- **സംസ്ഥാന ഹയർ സെക്കണ്ടറി പരീക്ഷാഫലം മെയ് 25ന് പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ ഏഴ് വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

വനിതാ സംവരണവുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകൾ ലോക്സഭ വൈകിട്ട് നാലിന് വോട്ടിനിടും. 15 മുതൽ 18 മണിക്കൂർ വരെ ബിൽ ചർച്ചയ്ക്ക് സ്പീക്കർ ഓം ബിർള സമയം അനുവദിച്ചിരുന്നു. എല്ലാ അംഗങ്ങൾക്കം ചർച്ചയിൽ പങ്കെടുക്കാൻ അവസരം നൽകുമെന്നും സ്പീക്കർ വ്യക്തമാക്കി. ചർച്ചകൾക്ക് ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ മറുപടി നൽകും. ഇന്നലെ രാത്രി ഏറെ വൈകിയും ലോക്സഭ 131-ാം ഭരണഘടനാ ഭേദഗതി ബില്ലും, മണ്ഡല പുനർനിർണയബില്ലും, കേന്ദ്രഭരണപ്രദേശ നിയമഭേദഗതി ബില്ലും ചർച്ച ചെയ്തു. ചർച്ച ഇന്നും തുടരും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.....

ലോക്സഭയിലും നിയമസഭകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടാണ് മൂന്ന് ഭേദഗതികളും ഗവൺമെന്റ് കൊണ്ടുവന്നത്. ഇതിന് വേണ്ടി അവതരിപ്പിച്ച 131-ാമത് ഭരണഘടന ഭേദഗതി ബിൽ ലോക്സഭയിലെയും നിയമസഭകളിലെയും മൂന്നിലൊന്ന് സീറ്റിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. നിയമ മന്ത്രി അർജ്ജുൻ റാം മേഘ്‌വാളാണ് ബിൽ അവതരിപ്പിച്ചത്. ലോക്സഭാ സീറ്റുകളുടെ എണ്ണം ഇപ്പോഴത്തെ 543ൽ നിന്ന് 850 ആക്കാനാണ് ബിൽ വ്യവസ്ഥ ചെയ്യുന്നത്.

രാജ്യത്തെ സംബന്ധിച്ച തീരുമാനങ്ങളിൽ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന വനിതകൾക്ക് അർഹമായ പരിഗണന ഉറപ്പാക്കണമെന്ന് ബിൽ ചർച്ചയ്ക്കിടെ പ്രധാനമന്ത്രി നരേന്ദ്രമോദി ശക്തമായി ആവശ്യപ്പെട്ടു. രാജ്യ വികസനത്തിൽ നാരീ ശക്തി നിർണായക പങ്കാണ് വഹിക്കുന്നതെന്നും പ്രധാനമന്ത്രി വിലയിരുത്തി. നയ രൂപീകരണത്തിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം ലഭ്യമാക്കുകയാണ് മൂന്ന് ബില്ലുകളുടെയും ലക്ഷ്യമെന്നും സ്ത്രീകൾക്ക് നൽകുന്ന പരിഗണന അവർക്ക് അർഹതപ്പെട്ടതാണെന്നും ആരുടെയും സൗജന്യമല്ലെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ബില്ലുകൾക്ക് രാഷ്ട്രീയ നിറം നൽകരുതെന്ന് പ്രധാനമന്ത്രി പ്രതിപക്ഷത്തോട് അഭ്യർത്ഥിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും പശ്ചിമേഷ്യൻ വിഷയത്തിൽ ടെലിഫോൺ സംഭാഷണം നടത്തി. ഹോർമൂസ് കടലിടുക്കിലൂടെ സ്വതന്ത്രവും സുരക്ഷിതവുമായ കപ്പൽ ഗതാഗതം അടിയന്തരമായി സാധ്യമാക്കണമെന്ന് ഇരു നേതാക്കളും ആവശ്യപ്പെട്ടതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമ കുറിപ്പിൽ അറിയിച്ചു.

✪✪✪

പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പ് ഒന്നാം ഘട്ടത്തിന് അഞ്ചു നാൾ ശേഷിക്കെ പ്രചാരണരംഗം കൂടുതൽ ചൂടുപിടിച്ചു. 152 സീറ്റുകളിലേക്ക് ഈ മാസം 23 നാണ് ആദ്യ ഘട്ടത്തിൽ പോളിംഗ്. BJP നേതാവും അസം മുഖ്യമന്ത്രിയുമായ ഹിമന്ത ബിശ്വ ശർമ്മ ഇന്നലെ വടക്കൻ ബംഗാളിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തി.

തൃണമൂൽ കോൺഗ്രസ്സ് നേതാവും മുഖ്യമന്ത്രിയുമായ മമതാബാനർജിയും വടക്കൻ ബംഗാളിലെ വിവിധ തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ സംസാരിച്ചു.തൃണമൂലിന്റെ മറ്റൊരു നേതാവ് അഭിഷേക് ബന്ദോപാധ്യായ ബാങ്കുറ ജില്ലയിലെ റോഡ് ഷോയിലും പങ്കെടുത്തു.

✪✪✪

ഈ മാസം 23 ന് തെരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടന്നു. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും വോട്ടർമാരെ നേരിൽ കാണുന്നതിലും റോഡ് ഷോകളിലും റാലികളിലും പങ്കെടുക്കക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. കേന്ദ്ര സഹമന്ത്രിയും സ്ഥാനാർത്ഥിയുമായ ഡോ. L മുരുഗനു വേണ്ടി അണ്ണാDMK ജനറൽ സെക്രട്ടറി എടപ്പാടി പളനിസാമി കോയമ്പത്തൂരിൽ പ്രചാരണം നടത്തി. ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത ഇന്നലെ അവിനാശി മണ്ഡലത്തിലെ BJP സ്ഥാനാർത്ഥിയുടെ പ്രചാരണത്തിൽ പങ്കെടുത്തു. DMK നേതാവും മുഖ്യമന്ത്രിയുമായ MK സ്റ്റാലിനും ഇന്നലെ വിവിധ സ്ഥലങ്ങളിൽ സംസാരിച്ചു. NTK നേതാവ് നടൻ സീമാൻ നാഗപട്ടണത്ത് പ്രചാരണത്തിനെത്തി.

✪✪✪

നടൻ വിജയ്-ന്റെ തമിഴക വെട്രികഴകം തെരഞ്ഞെടുപ്പ് പ്രകടന പത്രിക ഇന്നലെ ചെന്നൈയിൽ പുറത്തിറക്കി. സ്ത്രീകൾക്ക് പ്രതിമാസം 2500 രൂപയും വിവാഹത്തിന് ഒരു പവൻ സ്വർണ്ണവും പട്ടുസാരിയും ഉറപ്പു നൽകുന്നതാണ് പ്രകടന പത്രിക. അഞ്ചു ഏക്കറിൽ താഴെ ഭൂമിയിൽ കൃഷി ചെയ്യുന്നവരുടെ വായ്പ്പാ കുടിശ്ശിക എഴുതി തള്ളുമെന്നും നെല്ലിന് 3500 രൂപ കുറഞ്ഞ താങ്ങു വില നൽകുമെന്നും പ്രകടന പത്രികയിൽ പറയുന്നു.

✪✪✪

ഇന്ത്യയിലെ ആദ്യത്തെ പാസഞ്ചർ ട്രെയിൻ ഓടിത്തുടങ്ങിയതിന്റെ 173-ാം വാർഷികാഘോഷം, ആദ്യ ട്രെയിനിന്റെ ചിത്രം സാമൂഹ്യമാധ്യമത്തിൽ പങ്കുവെച്ച് റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ഓർമ്മിപ്പിച്ചു.

1853 ഏപ്രിൽ 16-ന് ബോംബെയിലെ ബോറി ബന്ദറിനും താനെയ്ക്കുമിടയിലായിരുന്നു രാജ്യത്തെ ആദ്യ പാസഞ്ചർ ട്രെയിൻ സർവീസ്.

✪✪✪

ഇസ്രായേലിനും ലെബനനും ഇടയിൽ പത്ത് ദിവസത്തെ വെടി നിർത്തൽ നിലവിൽ വന്നു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപാണ് ഇരുപക്ഷവുമായി ചർച്ച നടത്തിയ ശേഷം വെടിനിർത്തൽ തീരുമാനം വൈറ്റ് ഹൗസിലെ വാർത്താസമ്മേളനത്തിൽ അറിയിച്ചത്. ലെബനീസ് പ്രസിഡന്റ് ജോസഫ് ഔൺ-ഉം, ഇസ്രായേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും സമാധാന പുനഃസ്ഥാപന ശ്രമങ്ങളെ അനുകൂലിച്ചതായി ട്രംപ് അറിയിച്ചു. ഇരുനേതാക്കളെയും അർത്ഥവത്തായ സംഭാഷണത്തിന് ട്രംപ് വൈറ്റ്

ഹൗസിലേക്ക് ക്ഷണിക്കുകയും ചെയ്തു. 1983 ന് ശേഷം ഇതാദ്യമായാണ് ഇരു രാജ്യങ്ങളും നേരിട്ട് ചർച്ച നടത്തുന്നത്.

ഇറാൻ സമ്പുഷ്ടീകരിച്ച, ആയുധ നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന യുറേനിയം കൈമാറാമെന്ന് അവർ അറിയിച്ചതായും ട്രംപ് വെളിപ്പെടുത്തി. ഇരു രാജ്യങ്ങളും സമാധാന കരാറിന്റെ തൊട്ടടുത്താണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാന ഹയർ സെക്കണ്ടറി പരീക്ഷാഫലം മെയ് 25 നു പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. മൂല്യ നിർണ്ണയം വ്യാഴാഴ്ച ആരംഭിച്ചതായും 89 മൂല്യ നിർണ്ണയ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

2026 മാർച്ചിൽ ഗൾഫ് മേഖലയിൽ നടത്തേണ്ടിയിരുന്ന രണ്ടാം വർഷ ഹയർ സെക്കണ്ടറി പരീക്ഷ റദ്ദു ചെയ്ത സാഹചര്യത്തിൽ ഒന്നാം വർഷ തിയറി പരീക്ഷയുടെ മാർക്ക് രണ്ടാം വർഷ തിയറി പരീക്ഷയുടെ മാർക്കായി നൽകി CE, പ്രാക്റ്റിക്കൽ മാർക്കുകൾ ചേർത്ത് ഫലം പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു.

സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്ന് തിങ്കളാഴ്ച നടത്തുമെന്ന് മന്ത്രി അറിയിച്ചു. ഒന്നാം ക്ലാസ്സിലേക്ക് മെയ് 22 ന് പ്രവേശനം ആരംഭിക്കും. ഒന്നാം ക്ലാസ് പ്രവേശനത്തിന് എഴുത്തുപരീക്ഷ നടത്താനോ തലവരിപ്പണം വാങ്ങാനോ പാടില്ല. ഒന്ന് മുതൽ എട്ടുവരെ ക്ലാസുകളിൽ എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുമെന്നും ശിവൻകുട്ടി അറിയിച്ചു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ ഒന്നാംവർഷ BDS വിദ്യാർഥി നിതിൻ രാജിന്റെ മരണത്തിൽ ആരോപണവിധേയനായ പാതോളജി വിഭാഗം മേധാവി ഡോ. MK.റാമിനെ കോളജിൽ നിന്ന് പുറത്താക്കി. കോളേജിലെ വിവിധ വിഭാഗങ്ങളുടെ യോഗമാണ് റാമിനെ പുറത്താക്കാൻ തീരുമാനിച്ചത്.

കോളേജിൽ നിന്ന് ഡോ. റാമിനെ സസ്പെൻഡ് ചെയ്തെങ്കിലും കടുത്ത നടപടി വേണമെന്നാവശ്യപ്പെട്ട് വിദ്യാർഥികളും മറ്റ് സംഘടനകളും രംഗത്ത് വന്നിരുന്നു.

നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് ആത്മഹത്യാപ്രേരണക്കുറ്റവും പട്ടികജാതി-പട്ടിക വർഗ അതിക്രമനിരോധന വകുപ്പും ചുമത്തിയാണ് റാമിനെതിരെ കേസെടുത്തിരിക്കുന്നത്. ഡോ. റാം ഇപ്പോൾ ഒളിവിലാണ്

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ ഏഴ് വിക്കറ്റിന് തകർത്തു. മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ ഇന്നലെ വൈകിട്ട് ആയിരുന്നു മത്സരം. ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. അഹമ്മദാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കലിക്കറ്റ് സർവകലാശാല ഇന്റർസോൺ കലോത്സവം "കലൈക്കോട്ട" യ്ക്ക് തുടക്കമായി. കോട്ടക്കൽ ഫാറൂഖ് ആർട്സ് ആൻഡ് സയൻസ് കോളേജിലാണ് ഈ മാസം 20വരെ കലോത്സവം. അഞ്ച് ദിവസത്തെ പരിപാടികളിൽ 6000ത്തോളം വിദ്യാർഥികൾ പങ്കെടുക്കും. സ്റ്റേജ് മത്സരങ്ങൾ നാളെ ആരംഭിക്കും.

✪✪✪

കൊല്ലം പൂരത്തിന് കുടമാറ്റവും പഞ്ചാരിമേളവുമായി സമാപനമായി. താമരക്കുളം മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മൈതാനത്തിന്റെ തെക്കും വടക്കുമായി പരിവാരസമേതം അണിനിരന്ന് രാത്രി എട്ട് മണിയോടെ കുടമാറ്റം ആരംഭിച്ചു.

✪✪✪

കൊല്ലം ആശ്രാമത്ത് ഉത്സവസ്ഥലത്ത് വയോധികനെ ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിലെ പ്രതി പോലീസ് പിടിയിലായി. ആശ്രാമം, കുളങ്ങര വീട്ടിൽ ശ്യാംകുമാർ എന്ന 40 കാരനെയാണ് കൊല്ലം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.

✪✪✪

കൊല്ലം പുനലൂരിൽ ജോലിക്കിടെ KSEB ലൈൻമാന് സൂര്യാതപമേറ്റു. കുണ്ടറ സ്വദേശി പത്മകുമാറിന് മുതുകിലും കയ്യിലുമാണ് പൊള്ളലേറ്റത്.

✪✪✪

സ്വാതന്ത്ര്യസമരസേനാനിയും അദ്ധ്യാത്മിക പണ്ഡിതനുമായ തലശ്ശേരി ന്യൂമാഹിയിലെ ചേലോട്ട് എടോളി അച്യുതൻ നായർ എന്ന CA നായർ അന്തരിച്ചു. 96 വയസ്സായിരുന്നു. വിവിധ ക്ഷേത്രങ്ങളുടെ ട്രസ്റ്റിയാണ്. സംസ്കാരം രാവിലെവീട്ടുവളപ്പിൽ നടത്തും.

✪✪✪

കോഴിക്കോട് ബൈപാസ് നിർമ്മാണം നടക്കുന്നതിനിടെ പന്തീരങ്കാവിൽ ടോൾ പിരിവ് ആരംഭിച്ചതിനെതിരായ പരാതിയിൽ മനുഷ്യാവകാശ കമ്മീഷൻ നാഷണൽ ഹൈവേ പ്രോജക്റ്റ് ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടു. 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് ജുഡീഷ്യൽ അംഗം K ബൈജുനാഥ് നിർദ്ദേശിച്ചു.

✪✪✪

കൊല്ലം പൂരത്തിന് കുടമാറ്റവും പഞ്ചാരിമേളവുമായി സമാപനമായി. താമരക്കുളം മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മൈതാനത്തിന്റെ തെക്കും വടക്കുമായി പരിവാരസമേതം അണിനിരന്ന് രാത്രി എട്ട് മണിയോടെ കുടമാറ്റം ആരംഭിച്ചു.

✪✪✪

സംസ്ഥാന വിവരാവകാശ കമീഷൻ സിറ്റിംഗ് രാവിലെ കോഴിക്കോട്ട് ആരംഭിക്കും. മാനാഞ്ചിറ DTPC കോൺഫറൻസ് ഹാളിലെ ഹിയറിങ്ങിൽ സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ പരാതികൾ പരിഗണിക്കും.

✪✪✪

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ സമ്മർ സ്കൂൾ 2026ന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മെയ് 15 വരെയാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. സെൻട്രൽ ലൈബ്രറി ഓഡിറ്റോറിയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ് ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട്ട് കാശ്യപ വേദ റിസർച്ച് ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന അതിരാത്രം ഇന്ന് ആരംഭിക്കും. ഈ മാസം 26 വരെ കക്കോടി വേദമഹാമന്ദിറിലാണ് അതിരാത്രം. ഫൗണ്ടേഷന്റെ സംഗീത ഭാരതി പുരസ്കാരവും, ഭിഷഗ് രത്ന പുരസ്കാരവും അതിരാത്രത്തോടനുബന്ധിച്ച് സമ്മാനിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ ഡെങ്കിപ്പനി വ്യാപിക്കുന്നതിനാൽ കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. KK രാജാറാം ആവശ്യപ്പെട്ടു. ആഴ്ചയിലൊരിക്കൽ വീടുകളിൽ കൊതുകിന്റെ ഉറവിടം നശിപ്പിച്ചാൽ മാത്രമേ ഡെങ്കിപ്പനി ബാധ നിയന്ത്രിനാകൂ എന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:  അനിൽ ചന്ദ്രൻ*
*News Team:  മണികണ്ഠൻ*
*DEO : സി കെ സുബോധ്*